LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2016 ഏപ്രിൽ മുതൽ പ്രാബല്യത്തിൽ അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപയായും ഹെൽപ്പർമാരുടേത് 7,000 രൂപയായും വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) അങ്കണവാടി വർക്കർമാരുടെ ജോലി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(സി) വേതന വർദ്ധനവിനോടൊപ്പം അധിക ചുമതല നൽകിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി

197 (3035) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കെ സദാശിവൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലെ വേതന വിതരണത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ;

(ബി) പുതിയ രീതിയിലുള്ള വേതന വിതരണപ്രകാരം പ്രസ്തുത മേഖലയിൽ ഉടലെടുത്ത പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) എന്തെല്ലാം പ്രശ്നങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1-1-2016 മുതൽ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് വേതനം ലഭ്യമാക്കുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇതുപ്രകാരം ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾക്കനുസൃതമായി തുക ലഭ്യമാക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ചില ജില്ലകളിൽ പോസ്റ്റാഫീസിൽ അക്കൗണ്ടുള്ള തൊഴിലാളികൾക്കുള്ള വേതനം നാഷണൽ ഇ-എഫ്.എം.എസ്. മുഖേന യഥാസമയം ബന്ധപ്പെട്ടവരുടെ അക്കൗണ്ടിൽ ലഭ്യമായിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നാഷണൽ ഇ-എഫ്.എം.എസ്. മുഖേനയുള്ള കൂലി വിതരണവുമായി ബന്ധപ്പെട്ട സാങ്കേതികപ്രശ്നങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യം ദിവസേന മോണിറ്റർ ചെയ്യുന്നതിന് ഒരു കൺസൾട്ടന്റിനെ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷനിൽ നിയമിച്ചിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം

198 (3036) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണം നടത്തുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അതിനായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ലഭ്യമാക്കി തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ഒഴിവാക്കുന്നതിനുവേണ്ടി ഗാർഹിക കക്കൂസുകളും പൊതുശുചിത്വ സമുച്ചയങ്ങളും, എല്ലാ സർക്കാർ സ്കൂളുകളിലും സർക്കാർ അംഗനവാടികളിലും ടോയ്ലറ്റ് സൗകര്യം, മാലിന്യ സംസ്കരണത്തിനുള്ള പൊതുസംവിധാനങ്ങളും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളും ആരോഗ്യപരിസ്ഥിതി സംരക്ഷണത്തിന് അനുകൂലമായ ശീലവൽക്കരണത്തിനു വേണ്ടിയുള്ള വിവരവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവഹിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനത്തിന് വേണ്ടുന്ന ധനം സംസ്ഥാന പ്ലാൻ ഫണ്ടിന്റെ ഭാഗമായും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും വകയിരുത്തി അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly